<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 105</u> <u>05-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ലിതാരയുടെ കുടുംബത്തിന് നീതി ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ കായിക താരവും, ബീഹാർ റെയിൽവെ ഡിവിഷൻ ജീവനക്കാരിയുമായിരുന്ന ലിതാര ബീഹാറിൽ വച്ച് മരണപ്പെട്ടത് സംബന്ധിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ; | (എ) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ് എരട്ടേൻചാൽ, നരിപ്പറ്റ എന്നയാൾ മുഖ്യമന്ത്രിയ്ക്ക് നല്കിയ പരാതിയിന്മേൽ കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്കറ്റ്ബോൾ കോച്ചായ രവി സിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം<br><br>പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വെച്ച് പോസ്റ്റുമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28.04.2022_ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായി അറിവായിട്ടുണ്ട്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No. . 185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട് |
| (ബി) | പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ബീഹാർ സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് സഹായം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | നിലവിൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ